**ഭരണഭാഷ – മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
ഓഫീസ്, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. എസിഡി സി1/36778/13 തീയതി :12.08.2013

## സർക്കുലർ

വിഷയം: എച്ച്.എസ്.ഇ.– 2013 14 അദ്ധ്യയനവർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്–സംബന്ധിച്ച്

സൂചന: 1. 12/7/2013 ലെ H1/44196/13/DPI നമ്പർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ.
2. 5/11/2007 ലെ സ.ഉ. (MS) No. 194/07/ പൊ.വി.വ

സൂചന (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 2013–14 അദ്ധ്യയനവർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് 27/08/2013–ാം തീയതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ ഗവ./എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും സൂചന (1) ലെ പൊതുവിദ്യാഭ്യാസഡയറക്ടറുടെ സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന തീയതികളിൽ ഹയർസെക്കന്ററി തലത്തിലും നാമനിർദ്ദേശപത്രിക സ്വീകരിച്ച് വോട്ടെടുപ്പ് നടത്തേണ്ടതാണ്. സൂചന (1) സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

**പകർപ്പ്**
1.എല്ലാ ഗവ./എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. എല്ലാ റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

നം.എച്ച്.1/44196/2013/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 12-07-2013.

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം - 2013-14 - അദ്ധ്യയന വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് - സംബന്ധിച്ച്.

**വായന:-** 05/11/2007 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/07/പൊ.വി.

...............

സ്കൂൾ പാർലമെന്റ് രൂപീകരണത്തിനും, നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചനയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2013-14 അദ്ധ്യയന വർഷത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് തീയതികൾ ചുവടെ ചേർക്കുന്നു.

**വിശദമായ പട്ടിക ചുവടെ വിവരിക്കുന്നു.**

| | | |
|---|---|---|
| 1. നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | : | 19/08/2013 |
| 2. നാമനിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | : | 20/08/2013 |
| 3. നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതി | : | 21/08/2013 ഉച്ചയ്ക്ക് 3 മണി വരെ |
| 4. മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള തീയതി | : | 21/08/2013 |
| 5. വോട്ടെടുപ്പ് തീയതിയും, സമയവും | : | 27/08/2013 രാവിലെ 11 മണി വരെ |
| 6. വോട്ടെണ്ണൽ സ്ഥലവും, പ്രഖ്യാപനവും | : | അതാതു ക്ലാസ്സുകളിൽ വച്ച് 27/08/2013 (രാവിലെ 11 മണി മുതൽ 2 മണി വരെ.) |
| 7. പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തീയതിയും സമയവും | : | 29/08/2013 ഉച്ചയ്ക്ക് 2.30 മുതൽ. |
| 8. പാർലമെന്റ് ആദ്യയോഗത്തിന്റെ തീയതി | : | 02/09/2013 |

PTO

ഒ.പി. നമ്പർ 10046/96-നു മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 08/11/1996-ലെ വിധിയുടെയും 1936/96, 1341/97, 262/97 എന്ന റിട്ട് അപ്പീലുകളിന്മേലുള്ള വിധിയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സൂചിത ഉത്തരവ് പ്രകാരം തെരഞ്ഞെടുപ്പ് സംബന്ധിച്ച് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇതു കർശനമായി പാലിയ്ക്കാൻ ഇതിനാൽ നിർദ്ദേശിക്കുന്നു. തികച്ചും സമാധാനപരവും, രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയും ആയിരിക്കണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. കൂടാതെ പ്രസ്തുത തെരഞ്ഞെടുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും, ഐക്യവും വളർത്തുവാൻ സഹായകരമായ വിധമായിരിക്കണം.

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുപ്പ് നടത്തുന്നുണ്ടെന്ന കാര്യം സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**പകർപ്പ്:**

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന)
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (ജില്ലാ വിദ്യാഭ്യാസ് ഓഫീസർമാർ മുഖേന)
4. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും. (ജില്ലാ വിദ്യാഭ്യാസ ഓഫീസർ/എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. സൂക്ഷിപ്പ് ഫയൽ.

ഐ.സി.എസ്.